# أصول السنة

## للإمام أحمد بن حنبل رحمه الله

# ഉസൂലുസ്സുന്നഃ

**ഇമാമു അഹ്‌ലിസ്സുന്നഃ - അബീ അബ്ദില്ല**
**അഹ്‌മദ്ബ്‌നു മുഹമ്മദ് ബ്‌നു ഹൻബൽ**

قال ابن أبي يعلى الحنبلي رحمه الله:

(( لو رحل رجل إلى الصين في طلبها لكان قليلا ))

ഇബ്നു അബീ  യഅ് ല അൽ ഹൻബലി رحمه الله പറഞ്ഞു:

**"ഒരാൾ ഈ രിസാല തേടി ചൈനയിലേക്ക് പോയാൽ പോലും, അത് വളരെ നിസ്സാരമായിരിക്കും."**

# <u>ഇമാം അഹ്മദ് ബ്ന ഹൻബൽ (رحمه الله)</u>

മുഴുവൻ പേര് : ശൈഖുൽ ഇസ്ലാം അബൂ അബ്ദില്ലാഹ് അഹ്മദ് ബ്ന മുഹമ്മദ് ബ്ന ഹൻബൽ അദ്ദഹ്ലീ അശ്ശയ്ബാനീ അൽമർസീ അൽ ബാഗ്ദാദി.

ജനനം : ഹിജ്റ 164

മരണം : ഹിജ്റ 241

- നാല് അറിയപ്പെട്ട മദ്ഹബുകളിൽ ഒന്നിന്റെ ഇമാം.
- ഫിഖ്ഹിലും ഹദീസിലും അഗാധ പണ്ഡിതൻ.
- അമ്പതിനായിരം ഹദീസുകൾ ഉൾക്കൊള്ളുന്ന മുസ്നദ് ഉൾപ്പടെ അനേകം ഗ്രന്ഥങ്ങളുടെ കർത്താവ്.
- താബിഈ താബിഉകളിലെ മഹാ പണ്ഡിതന്മാരിൽ നിന്നും അദ്ദേഹം വിജ്ഞാനം ഉൾക്കൊണ്ടു.
- ഇമാം ബുഖാരിയും മുസ്ലിമും رحمهما الله ഉൾപ്പടെ അനേകം പണ്ഡിതർ അദ്ദേഹത്തിന്റെ ശിഷ്യരാണ്.
- ഇമാം ശാഫിഈ رحمه الله അദ്ദേഹത്തിന്റെ ഗുരുനാഥനും സഹ-ചാരിയുമായിരുന്നു.
- സ്വാലിഹ്, അബ്ദുല്ലാഹ് رحمهما الله എന്നിവർ പണ്ഡിതന്മാരായ പുത്രന്മാർ.
- ഖുർആൻ സൃഷ്ടിയാണ് എന്നും മറ്റുമുള്ള മുഅ്തസില വിഭാഗക്കാരുടെ വാദം അംഗീകരിക്കാത്തതിനാൽ അദ്ദേഹം കൊടിയ പീഢനങ്ങൾക്ക് ഇരയാവുകയും വർഷങ്ങൾ തടവിൽ കഴിയേണ്ടി വരികയും ചെയ്തു, മഅ്മൂൻ, മുഅ്തസിം, വാസിഖ് തുടങ്ങിയ അബ്ബാസീ ഖലീഫമാരുടെ കാലത്തായിരുന്നു ഇത്. ഒടുവിൽ അൽ മുതവക്കിൽ എന്ന ഖലീഫയാണ് അദ്ദേഹത്തെ മോചിപ്പിച്ചത്.

# <u>ഉസൂലുസ്സുന്നഃ</u>

ഇമാം അഹ്മദ് ബ്‌നു ഹൻബലിന്റെ (رحمه الله) ഉസൂലുസ്സുന്നഃ (സുന്നത്തിൻറ അടിസ്ഥാനങ്ങൾ) എന്ന പ്രസിദ്ധമായ രിസാലയുടെ മലയാള പരിഭാഷയാണിത്. സുന്നത്ത് എന്ന പദം ഇവിടെ പ്രയോഗി-ച്ചിരിക്കുന്നത് - അഖീദയും മൻഹജ്ജും (The Creed and Methodology- അടിസ്ഥാന വിശ്വാസവും രീതിശാസ്ത്രവും) എന്ന അർത്ഥത്തിലാണ് എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുക. ഫിഖ്ഹിന്റെ മസ്അലകൾ ചർച്ച ചെയ്യുമ്പോൾ നമ്മുടെ നാട്ടിൽ സാധാരണ ഉപയോഗിക്കാറുള്ള ഐച്ഛികമായ കാര്യങ്ങൾ എന്ന അർത്ഥത്തിലല്ല.

ആധുനികരും പൌരാണികരുമായ ധാരാളം പണ്ഡിതർ ഈ ഗ്രന്ഥത്തിന് വ്യാഖ്യാനങ്ങളും വിശദീകരണങ്ങളും രചിച്ചിട്ടുണ്ട്. ഈ പരിഭാഷയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത് ഈ രിസാലയുടെ മത്ന് മാത്രമാണ്. ഇതിലെ ഓരോ സൂചികയും വിശദീകരണങ്ങൾ ആവശ്യ-മായവയാണ്. അതുകൊണ്ട് പഠിതാക്കൾ അഹ്ലുസ്സുന്നത്തിൻറ ഉലമാക്കൾ രചിച്ചിട്ടുള്ള ശർഹുകൾ (വിശദീകരണങ്ങൾ) ആസ്പദമാക്കി അഖീദയിൽ അവഗാഹം നേടിയ പണ്ഡിതന്മാരുടെ കീഴിൽ പഠിക്കാൻ ശ്രമിക്കേണ്ടതാണ്. അതോടൊപ്പം അഹ്ലുസ്സുന്നയിൽ നിന്ന് വ്യതിചലിച്ചു പോയ പിഴച്ച കക്ഷികളെ കുറിച്ച് സാമാന്യമായി അറിയേണ്ടതും അവരുടെ വിശ്വാസ വ്യതിയാനങ്ങളുടെ ചരിത്രപരവും സമകാലികവുമായ പ്രസക്തി മനസ്സിലാക്കേണ്ടതുമാണ്.

## الإسناد

قال الشيخ الإمام أبو المظفر عبد الملك بن علي بن محمد الحمداني:

حدثنا الشيخ أبو عبد الله يحيى بن الحسن بن البنا، قال: أخبرنا علي بن محمد بن عبد الله بن بشران المعدل، قال: أنا عثمان بن أحمد بن السماك، قثنا: أبو محمد بن الحسن بن عبد الوهاب ابن أبي العنبر قراءة عليه من كتابه في شهر ربيع الأول من سنة ثلاث وتسعين ومائتين قثنا: أبو جعفر محمد بن سليمان المنقري البصري ب(تنيس) قال: حدثني عبدوس بن مالك العطار، قال: سمعت أبا عبد الله أحمد بن محمد بن حنبل يقول:

بسم الله الرحمن الرحيم

أصول السنة عندنا:

നമ്മുടെ അടുക്കൽ സുന്നത്തിൻറ അടിസ്ഥാനം എന്തെന്നാൽ:

## التمسك بما كان عليه الصحابة والاقتداء بهم

***(സ്വഹാബികളെ പിന്തുടരൽ)***

التمسك بما كان عليه أصحاب رسول الله صلى الله عليه وسلم، والاقتداء بهم

അല്ലാഹുവിൻറ റസൂലിൻറ സ്വഹാബാക്കൾ ഏതൊന്നിൽ ആയിരുന്നുവോ, അതിനെ മുറുകെ പിടിക്കലും അവരെ അനുധാവനം ചെയ്യലുമാണ്.

## اجتناب البدع والحذر منها

***(ബിദ്അത്തിനെ വെടിയൽ)***

وترك البدع، وكل بدعة فهي ضلالة، وترك الخصومات والجلوس مع أصحاب الأهواء، وترك المراء والجدال والخصومات في الدين

ബിദ്അത്തിനെ വെടിയലും -എല്ലാ ബിദ്അത്തും വഴികേടാണ്. അഭിപ്രായ ഭിന്നതകളും ദേഹേച്ഛകളുടെ ആളുകളുടെ കൂടെയുള്ള ഇരുത്തം വെടിയലും, ദീനിൽ കലഹങ്ങളും തർക്കങ്ങളും വിവാദങ്ങളും ഒഴിവാക്കലുമാണ്.

## منزلة السنة وعلاقتها بالقرءان

## (സുന്നത്തിന്റെ സ്ഥാനവും, അതിന്ന് ഖുർആനുമായുള്ള ബന്ധവും)

والسنة عندنا ءاثار رسول الله صلى الله عليه وسلم، والسنة تفسر القرءان، وهي دلائل القرءان، وليس في السنة قياس، ولا تضرب لها الأمثال، ولا تدرك بالعقول ولا الأهواء، إنما هو الاتباع وترك الهوى

നമ്മുടെ അടുക്കൽ സുന്നത്ത് എന്നത് റസൂൽ صلى الله عليه وسلم യുടെ ആഥാറുകളാണ്. സുന്നത്ത് ഖുർആനെ വിശദീകരിക്കുന്നു. അത് ഖുർആനിനെ വിശദീകരിക്കുന്ന രേഖകളാണ്. സുന്നത്തിൽ ഖിയാസ് (താരതമ്യം) ഇല്ല. അതിന്ന് ഉദാഹരണങ്ങൾ പാടുള്ളതല്ല. അത് ബുദ്ധി കൊണ്ടോ ദേഹേച്ഛകൾ കൊണ്ടോ എത്തിച്ചേരാൻ കഴിയുന്നതല്ല. അത് പൂർണ്ണമായി പിന്തുടരലും ദേഹേച്ഛകളെ വെടിയലുമാണ്.

## الإيمان بالقدر خيره وشره

## (വിധി വിശ്വാസം)

ومن السنة اللازمة التي من ترك منها خصلة . ولم يقبلها ويؤمن بها . لم يكن من أهلها:

الإيمان بالقدر؛ خيره وشره، والتصديق بالأحاديث فيه، والإيمان بها، لا يقال: ((لم؟)) ولا ((كيف؟)) إنما هو التصديق بها والإيمان بها

പിന്തുടരപ്പെടേണ്ടതായ സുന്നത്തിൽ നിന്ന് ആരെങ്കിലും ഒരു കാര്യം ഒഴിവാക്കിയാൽ, അവൻ അതിൽ എത്തിച്ചേരുകയില്ല, അവൻ അതിൽ വിശ്വസിക്കുന്നവനല്ല, അവൻ അതിന്റെ അഹ്ലുകാരിൽ പെട്ടവനുമല്ല.

ഖദ്റിൽ -അതിൻറ നന്മയിലും തിന്മയിലും- ഉള്ള വിശ്വാസവും അതിൽ വന്ന ഹദീസുകളെ സത്യപ്പെടുത്തലും ഈമാനിൽ പെട്ടതാണ്. അക്കാര്യത്തിൽ എന്തുകൊണ്ട് എന്നോ എങ്ങനെ എന്നോ ചോദിക്കാൻ പാടുള്ളതല്ല. തീർച്ചയായും അതിനെ സത്യപ്പെടുത്തുകയും അതിൽ വിശ്വസിക്കുകയും വേണ്ടതാണ്.

ومن لم يعرف تفسير الحديث، ويبلغه عقله، فقد كفي ذلك وأحكم له، فعليه الإيمان به والتسليم له، مثل حديث الصادق المصدوق، و مثل ما كان مثله في القدر

ആർക്ക് ഹദീസിന്റെ വ്യാഖ്യാനം മനസ്സിലാകുന്നില്ലയോ, അവന്റെ ബുദ്ധിക്ക് എത്തിച്ചേരാൻ കഴിയുന്നമില്ലയോ, അവൻ അതിൻറ വിധിയെ സ്വീകരിക്കുകയും അതിൽ വിശ്വസിക്കുകയും അതിന് കീഴടങ്ങുകയുമാണ് വേണ്ടത്- സ്വാദിഖുൽ മസ്ദൂഖി (الصادق المصدوق) -ന്റെയും ഖദ്റിന്റെ മറ്റു ഹദീസുകൾ പോലെയും.

---

*<u>സ്വാദിഖുൽ മസ്ദൂഖിൻറ ഹദീസ്</u>*

*അബ്ദുല്ലാഹ് ബ്നു മസ്ഊദ് رضي الله عنه നിന്ന്: സത്യസന്ധനും വിശ്വസ്തനുമായ റസൂൽ صلى الله عليه وسلم ഞങ്ങളോട് പറയുകയുണ്ടായി : 'തീർച്ചയായും ഉമ്മയുടെ ഗർഭാശയത്തിൽ 40 ദിവസങ്ങളോളം നിങ്ങൾ ഓരോരുത്തരും ബീജമായും പിന്നീട് അതുപോലെ രക്തപിണ്ഡമായും സ്വരൂപിക്കപ്പെടുക തന്നെ ചെയ്യും. അതിനു ശേഷം അവന്റെ ഭക്ഷണം, അവന്റെ ആയുസ്സ്, ഭാഗ്യവാനോ നിർഭാഗ്യവാനോ എന്നിങ്ങനെ നാല് കാര്യങ്ങൾ രേഖപ്പെടുത്തുവാനായി ഒരു മലക്കിനെ അല്ലാഹു നിയോഗിക്കും. പിന്നെ അതിൽ റൂഹ് ഊതും. നിങ്ങളിൽ നിന്ന് ഒരാൾ സ്വർഗ്ഗാവകാശികളുടെ പ്രവർത്തനങ്ങൾ ചെയ്തുകൊണ്ടിരിക്കും. സ്വർഗ്ഗവും നരകവും ഒരു മുഴം മാത്രം അകലെയുള്ള അവസ്ഥയിൽ ആവുകയും ചെയ്യും. അപ്പോഴതാ വിധി അവനെ മുൻകടക്കുന്നു. പിന്നീട് അവൻ നരകാവകാശികളുടെ പ്രവർത്തനങ്ങൾ ചെയ്യുകയും അതിൽ പ്രവേശിക്കുകയും ചെയ്യുന്നു. ഒരാൾ നരകാവകാശികളുടെ പ്രവർത്തനങ്ങളായിരിക്കും ചെയ്യുന്നത്. എന്നിട്ട് അവൻ നരകത്തിന്റെ ഒരു മുഴം മാത്രം അകലെയെത്തുമ്പോൾ അവന്റെ വിധി അവനെ മുൻകടക്കുന്നു. അപ്പോൾ അവൻ സ്വർഗ്ഗാവകാശികളുടെ പ്രവർത്തനങ്ങൾ ചെയ്യുകയും അതിൽ പ്രവേശിക്കുകയും ചെയ്യും. (ബുഖാരി, മുസ്‌ലിം, തിർമിദി, അബൂദാവൂദ്, ഇബ്നു മാജ, അഹ്‌മദ്).*

# الإيمان برؤية الله

## *(അല്ലാഹുവിനെ കാണുന്നതിലുള്ള വിശ്വാസം)*

ومثل أحاديث الرؤية كلها، وإن نبت عن الأسماع، واستوحش منها المستمع. فإنما عليه الإيمان بها، وأن لا يرد منها حرفا واحدا. وغيرها من الأحاديث المأثورات عن الثقات

പരലോകത്ത് മുഅ്മിനുകൾ അല്ലാഹുവിനെ കാണുന്നതിനെ - رؤية - സംബന്ധിച്ച മുഴുവൻ ഹദീസുകൾ പോലെയും. ആർക്കെങ്കിലും ആ ഹദീസുകളിൽ വല്ല സംശയങ്ങളും ഉടലെടുക്കാൻ തുടങ്ങിയാൽ തന്നെ, അവൻ ചെയ്യേണ്ടത് അതിൽ വിശ്വസിക്കുകയാണ്. അതിൽ ഒരു അക്ഷരം പോലും അവൻ നിഷേധിക്കാൻ പാടുള്ളതല്ല. അതു പോലെത്തന്നെയാണ് സ്ഥിരപ്പെട്ടു വന്നിട്ടുള്ള മറ്റു ഹദീസുകളും.

---

*റുഅ്‌യത്ത്*

*1). ജരീർ ബ്നു അബ്ദില്ലാഹ് رضي الله عنه പറയുന്നു: ഞങ്ങൾ നബി صلى الله عليه وسلم കൂടെ ഇരിക്കുകയായിരുന്നു. പൌർണ്ണമിയുടെ ദിവസം പൂർണ്ണ ചന്ദ്രനെ നോക്കി അവിടുന്ന് പറഞ്ഞു: ഈ ചന്ദ്രനെ നിങ്ങൾ കാണുന്നതു പോലെ നിങ്ങളുടെ രക്ഷിതാവിനെ കണാനാവും. അവനെ കാണുന്നതിന് നിങ്ങൾക്ക് തടസ്സമൊന്നുമുണ്ടാകില്ല. അതിനാൽ നിങ്ങൾക്ക് സാധിക്കുമെങ്കിൽ സൂര്യോദയത്തിന് മുമ്പും സൂര്യാസ്തമയത്തിന് മുമ്പുമുള്ള നമസ്കാരത്തിന്റെ കാര്യത്തിൽ വീഴ്ച്ച വരാതെ സൂക്ഷിക്കുക. (മുസ്‌ലിം, തിർമിദി, അബൂദാവൂദ്, ഇബ്നു മാജ, അഹ്മദ്)*

*2). ശുഹൈബ് رضي الله عنه വിൽ നിന്ന് നിവേദനം: നബി صلى الله عليه وسلم പറഞ്ഞു: സ്വർഗ്ഗാവകാശികൾ സ്വർഗ്ഗത്തിൽ പ്രവേശിച്ചാൽ അല്ലാഹു അവരോട് ചോദിക്കും: ഇനി എന്തെങ്കിലും ഞാൻ നിങ്ങൾക്ക് വർദ്ധിപ്പിച്ച് തരേണ്ടതുണ്ടോ?*

*അപ്പോൾ അവർ പറയും: നീ ഞങ്ങളുടെ മുഖങ്ങൾ പ്രശോഭിതങ്ങളാക്കിയില്ലയോ? നീ ഞങ്ങളെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുകയും നരകത്തിൽ നിന്ന് രക്ഷപ്പെടുത്തുകയും ചെയ്തില്ലയോ?*

*പ്രവാചകൻ صلى الله عليه وسلم പറഞ്ഞു: അപ്പോൾ അവൻ മറ നീക്കം ചെയ്യും. അവർക്ക് ലഭിച്ച ഏതൊരു കാര്യത്തേക്കാളും അവർക്കിഷ്ടം പ്രതാപിയും മഹത്വ പൂർണ്ണനുമായ അല്ലാഹുവിനെ കാണുക എന്നതായിരിക്കും. (മുസ്‌ലിം, തിർമിദി, ഇബ്നു മാജ, അഹ്മദ്)*

## ترك الجدال والخصومات في الدين

### *(ദീനിൽ തർക്കങ്ങൾ ഒഴിവാക്കൽ)*

وأن لا يخاصم أحدا، ولا يناظره، ولا يتعلم الجدال، فإن الكلام في القدر والرؤية والقرءان وغيرها من السنن مكروه، ومنهي عنه، لا يكون صاحبه – وإن أصاب بكلامه السنة – من أهل السنة حتى يدع الجدال ويسلم، ويؤمن بالآثار.

ദീനിൻറ കാര്യത്തിൽ ഒരാളും ആരോടും തർക്കിക്കാൻ പാടുള്ളതല്ല. വാദപ്രതിവാദം നടത്താനോ തർക്കം പഠിക്കാനോ പാടില്ല. ഖദ്റിലും, رؤية ലും, ഖുർആനിലും സുന്നത്തിൽ നിന്നുള്ള മറ്റു കാര്യങ്ങളിലും ഇപ്രകാരമുള്ള വാദപ്രതിവാദം വെറുക്കപ്പെട്ടതാണ്, വിരോധിക്കപ്പെട്ടതാണ്. അങ്ങനെയുള്ള ഒരാൾ സുന്നത്തിൻറ ആളാവുകയില്ല, അയാൾ തർക്കങ്ങൾ ഒഴിവാക്കി പരിപൂർണ്ണമായി ആഥാറുകളിൽ വിശ്വസിക്കുന്നത് വരെ.

# القرءان كلام الله ليس بمخلوق

## (ഖുർആൻ അല്ലാഹുവിന്റെ കലാമാണ്, സൃഷ്ടിയല്ല)

والقرءان كلام الله وليس بمخلوق، ولا يضعف أن يقول: ليس بمخلوق، قال: فإن كلام الله ليس ببائن منه، وليس منه شيء مخلوق، وإياك ومناظرة من أحدث فيه، ومن قال باللفظ وغيره، ومن وقف فيه فقال: ((لا أدري، مخلوق أو ليس بمخلوق، وإنما هو كلام الله))، فهذا صاحب بدعة مثل من قال: ((هو مخلوق))، وإنما هو كلام الله ليس بمخلوق.

ഖുർആൻ അല്ലാഹുവിന്റെ കലാമാണ്, അത് സൃഷ്ടിയല്ല. അത് സൃഷ്ടിയല്ല എന്ന് മാത്രം പറയുന്നിടത്തേക്ക് ദൗർബല്ല്യം ഉണ്ടാകരുത്. അത് അല്ലാഹുവിന്റെ കലാമാണ്, സംശയമേ ഇല്ല. അതിൽ സൃഷ്ടി ആയി ഒന്നുമില്ല. അക്കാര്യത്തിൽ സംശയമുള്ളവരുമായി സംസാരി - ക്കുന്നതിനെ നീ സൂക്ഷിക്കുക. ആർ അവന്റെ വാക്കിലൂടെയോ അല്ലാതെയോ "എനിക്ക് അത് അറിയില്ല, സൃഷ്ടിയാണോ ആല്ലയോ എന്ന്, അത് അല്ലാഹുവിന്റെ കലാമാണ്" എന്ന് മാത്രം പറഞ്ഞ് നിർത്തിയോ, അവൻ ബിദ്അത്തിന്റെ ആളാണ്, അത് സൃഷ്ടിയാണ് എന്ന് പറഞ്ഞവനെ പോലെത്തന്നെ. തീർച്ചയായും അത് അല്ലാഹുവിന്റെ കലാമാണ്, സൃഷ്ടിയേ അല്ല.

## الإيمان بالرؤية الله في الدار الآخرة

## (പരലോകത്ത് അല്ലാഹുവിനെ കാണും എന്നതിലുള്ള വിശ്വാസം)

والإيمان بالرؤية يوم القيامة كما روي عن النبي صلى الله عليه وسلم من الأحاديث الصحاح. وأن النبي صلى الله عليه وسلم قد رأى ربه، فإنه مأثور عن رسول الله صلى الله عليه وسلم صحيح. رواه قتادة عن عكرمة عن ابن عباس، ورواه الحكم بن أبان عن عكرمة عن ابن عباس، ورواه علي بن زيد عن يوسف بن مهران عن ابن عباس. والحديث عندنا على ظاهره، كما جاء عن النبي صلى الله عليه وسلم، والكلام فيه بدعة، ولكن نؤمن به كما جاء على ظاهره، ولا نناظر فيه أحدا.

ഖിയാമത്ത് നാളിലുള്ള رؤية നെ വിശ്വസിക്കലും - നബി صلى الله عليه وسلم യിൽ നിന്ന് വന്ന സ്വഹീഹായ ഹദീസുകളിൽ ഉള്ളതു പോലെ.

തീർച്ചയായും നബി صلى الله عليه وسلم തന്റെ റബ്ബിനെ കാണുകയുണ്ടായിട്ടുണ്ട്. അത് സ്വഹീഹായി സ്ഥിരപ്പെട്ടു വന്ന ഹദീസുകളിൽ ഉള്ളതാണ്. ഖതാദയും ഹകമ്ബ്നു അബാനും ഇക്'രിമയിൽ നിന്ന് ഇബ്നു അബ്ബാസിനെ തൊട്ടും, അലിയ്യ് ബ്നു സൈദ് യൂസുഫ്ബ്നു മിഹ്റാനിൽ നിന്ന് ഇബ്നു അബ്ബാസിനെ തൊട്ടും ഇത് രിവായത്ത് ചെയ്തിട്ടുണ്ട്. നമ്മുടെ അടുക്കലുള്ള ഹദീസ് നാം അതിൻറ പ്രത്യക്ഷത്തിൽ എടുക്കുന്നതാണ്. റസൂൽ صلى الله عليه وسلم യിൽ നിന്നും വന്നതു പോലെ. അക്കാര്യത്തിലുള്ള സംസാരം ബിദ്അത്താണ്. നാം ആ ഹദീസ് അതിൻറ പ്രത്യക്ഷത്തിൽ വന്നതു പോലെ വിശ്വസിക്കുന്നു. അതിൽ നാം ആരോടും വാദം നടത്തുന്നതല്ല.

---

*നബി صلى الله عليه وسلم യഥാർത്ഥത്തിൽ അല്ലാഹുവിനെ കണ്ടിട്ടുണ്ടോ എന്ന കാര്യത്തിൽ പ്രഥമ ദൃഷ്ട്യാ ചില അഭിപ്രായ വ്യത്യാസങ്ങൾ ഉള്ളതായി തോന്നാം. ഇവിടെ ഇബ്നു അബ്ബാസ് رضي الله عنه വിൽ നിന്നും വന്ന ഹദീസിൽ നിന്ന് നബി صلى الله عليه وسلم അല്ലാഹുവിനെ കണ്ടതായി മനസ്സിലാകുന്നു, എന്നാൽ ആയിശ رضي الله عنها യിൽ നിന്നും വന്ന മറ്റൊരു ഹദീസിൽ നിന്നും കണ്ടിട്ടില്ല എന്നും കാണാം. ഈ ഹദീസുകളെല്ലാം കൂട്ടിയിണക്കി ശൈഖുൽ ഇസ്‌ലാം ഇബ്നു തയ്മിയ്യ رحمه الله പറഞ്ഞത്: നബി صلى الله عليه وسلم റബ്ബിനെ കണ്ണ് കൊണ്ട് കണ്ടതായി ഖുർആൻ കൊണ്ടോ സുന്നത്ത് കൊണ്ടോ സ്ഥിരപ്പെട്ടിട്ടില്ല എന്നും എന്നാൽ അവിടുന്ന് صلى الله عليه وسلم ഹൃദയം കൊണ്ട് രണ്ട് പ്രാവശ്യം കണ്ടിട്ടുണ്ട് എന്നുമാണ്.*

## الإيمان بالميزان يوم القيامة

### *(ഖിയാമത്ത് നാളിലെ മീസാനിലുള്ള വിശ്വാസം)*

والإيمان بالميزان يوم القيامة، كما جاء: ((يوزن العبد يوم القيامة فلا يزن جناح بعوضة)). وتوزن أعمال العباد كما جاء في الأثر، والإيمان به والتصديق به، والإعراض عن من رد ذلك، وترك مجادلته.

ഖിയാമത്ത് നാളിലെ മീസാനിലുള്ള വിശ്വാസവും-ഹദീസിൽ വന്നതുപോലെ. (ഖിയാമത്ത് നാളിൽ ഒരു അടിമ തൂക്കപ്പെടും –ഒരു കൊതുകിന്റെ ചിറകോളം പോലും അവർ തൂക്കം വരികയില്ല). അടിമകളുടെ അമലുകളെല്ലാം തൂക്കപ്പെടും- ഹദീസിൽ വന്നതുപോലെ – അതിൽ വിശ്വസിക്കേണ്ടതും സത്യപ്പെടുത്തേണ്ടതുമാണ്. അതിനെ തള്ളുന്നവരിൽ നിന്ന് അകലം പാലിക്കേണ്ടതും വാദപ്രതിവാദം ഉപേക്ഷിക്കേണ്ടതുമാണ്.

## تكليم الله لعباده يوم القيامة

### *(ഖിയാമത്ത് നാളിൽ അല്ലാഹുവിന്റെ അടിമകളോടുള്ള സംസാരം)*

وأن الله تبارك وتعالى يكلم العباد يوم القيامة، ليس بينهم وبينه ترجمان، والإيمان به والتصديق به

തീർച്ചയായും ഖിയാമത്ത് നാളിൽ അല്ലാഹു അടിമകളോട് സംസാരിക്കുന്നതാണ്, അവനും അവർക്കുമിടയിൽ പരിഭാഷകൻ ഉണ്ടായിരിക്കുന്നതല്ല, അതിൽ വിശ്വസിക്കേണ്ടതും സത്യപ്പെടുത്തേണ്ടതുമാണ്.

## الإيمان بالحوض وصفته

### *(ഹൗളിലും അതിന്റെ വിശേഷണങ്ങളിലുമുള്ള വിശ്വാസം)*

والإيمان بالحوض، وأن لرسول الله صلى الله عليه وسلم حوضا يوم القيامة، ترد عليه أمته، عرضه مثل طوله مسيرة شهر، ءانيته كعدد نجوم السماء، على ما صحت به الأخبار من غير وجه.

ഹൗളിലുള്ള വിശ്വാസവും – തീർച്ചയായും ഖിയാമത്ത് നാളിൽ റസൂൽ صلى الله عليه وسلم ക്ക് ഹൗളുണ്ട്, അതിലേക്ക് അവിടുത്തെ ഉമ്മത്ത് വരുന്നതാണ്. അതിന്റെ വിശാലത ഒരു മാസത്തെ വഴിദൂരമാണ്. അതിലെ പാത്രങ്ങൾ ആകാശത്തിലെ നക്ഷത്രങ്ങളുടെ അത്ര എണ്ണമാണ്, സ്വഹീഹായ വിവിധ ഹദീസുകളിൽ വന്നതു പോലെ.

---

*ഹൗളുൽ കൗസർ*

*അബ്ദുല്ലാഹ് ബ്നു അംറ് رضي الله عنه വിൽ നിന്ന് : നബി صلى الله عليه وسلم പറഞ്ഞു: എന്റെ ഹൗള് ഒരു മാസത്തെ വഴിദൂരമുണ്ട്. അതിലെ വെള്ളം പാലിനേക്കാൾ വെളുത്തതാണ്, അതിന്റെ വാസന കസ്തൂരിയേക്കാൾ സുഗന്ധമുള്ളതും അതിലെ പാത്രങ്ങൾ ആകാശത്തിലെ നക്ഷത്രങ്ങളെ പൊലെയുമാണ്. അതിൽ നിന്ന് ആരെങ്കിലും കുടിച്ചാൽ പിന്നീട് അവന് ഒരിക്കലും ദാഹിക്കില്ല. (ബുഖാരി, മുസ്‌ലിം, അഹ്മദ്)*

## الإيمان بعذاب القبر

### (ഖബറിലെ ശിക്ഷയിലുള്ള വിശ്വാസം)

والإيمان بعذاب القبر، وأن هذه الأمة تفتن في قبورها، وتسأل عن الإيمان والإسلام، ومن ربه؟ ومن نبيه؟ ويأتيه منكر ونكير كيف شاء الله عز وجل، وكيف أراد، والإيمان به والتصديق به

ഖബറിലെ ശിക്ഷയിൽ വിശ്വസിക്കലും -തീർച്ചയായും ഈ ഉമ്മത്ത് ഖബറുകളിൽ വെച്ച് പരീക്ഷിക്കപ്പെടുകയും – ഈമാൻ, ഇസ്ലാം, അവന്റെ റബ്ബ് ആര്, അവന്റെ നബി ആര് എന്നതിനെപ്പറ്റി ചോദ്യം ചെയ്യപ്പെടുകയും ചെയ്യും. മുൻകർ, നകീർ എന്നിവർ വരുന്നതുമാണ് - അല്ലാഹു ഉദ്ദേശിച്ച രീതിയിൽ - അതിൽ വിശ്വസിക്കേണ്ടതും സത്യപ്പെടുത്തേണ്ടതുമാണ്.

## الإيمان بشفاعة يوم القيامة

### (ഖിയാമത്തിലെ ശഫാഅത്തിലുള്ള വിശ്വാസം)

والإيمان بشفاعة النبي صلى الله عليه وسلم، وبقوم يخرجون من النار بعد ما احترقوا وصاروا فحما، فيؤمر بهم إلى نهر على باب الجنة –كما جاء في الأثر – كيف شاء الله، وكما شاء، إنما هو الإيمان به والتصديق به

നബി صلى الله عليه وسلم യുടെ ശഫാഅത്തിനെ കുറിച്ചും, നരകത്തിൽ നിന്ന് പുറത്ത് കടത്തപ്പെടുന്ന ആളുകളെ കുറിച്ചും – അവർ കരിക്കപ്പെട്ട് കരിയായിത്തീർന്നതിനു ശേഷം സ്വർഗ്ഗത്തിന്റെ വാതിൽക്കലുള്ള നദിയിൽ മുക്കാൻ കൽപിക്കപ്പെടും –ഹദീസിൽ വന്നതു പോലെ. അല്ലാഹു ഉദ്ദേശിക്കുന്ന സമയത്തും രീതിയിലും- തീർച്ചയായും അതിലുള്ള വിശ്വാസവും അതിനെ സത്യപ്പെടുത്തലും.

## خروج الدجال

### *(ദജ്ജാലിന്റെ പുറപ്പാട്)*

والإيمان أن المسيح الدجال خارج، مكتوب بين عينيه كافر، والأحاديث التي جاءت فيه، والإيمان بأن ذلك كائن.

മസീഹുദ്ദജ്ജാൽ തീർച്ചയായും പുറപ്പെടുമെന്ന വിശ്വാസവും -അവന്റെ രണ്ട് കണ്ണുകൾക്കിടയിൽ "കാഫിർ" എന്ന് എഴുതപ്പെട്ടിരിക്കും. അതിൽ വന്ന ഹദീസുകളിൽ -അത് സംഭവിക്കുന്നത് തന്നെയാണെന്ന വിശ്വാസവും.

## نزول عيسى عليه السلام

### *(ഈസ عليه السلام ന്റെ ഇറക്കം)*

وأن عيسى ابن مريم عليه السلام ينزل فيقتله بباب لد.

തീർച്ചയായും ഈസബ്ന മർയം عليه السلام ഇറങ്ങുമെന്നും ബാബു ലുദ്ദിൽ വെച്ച് അവനെ (ദജ്ജാലിനെ) കൊലപ്പെടുത്തുമെന്നും.

## والإيمان قول وعمل، يزيد وينقص

***(ഈമാൻ വാക്കും പ്രവൃത്തിയുമാണ്-അത് കൂടും, കുറയും)***

والإيمان قول وعمل، يزيد وينقص، كما جاء في الخبر: ((أكمل المؤمنين إيمانا أحسنهم خلقا)).

ഈമാൻ വാക്കും പ്രവൃത്തിയുമാണ്.-അത് കൂടുകയും കുറയുകയും ചെയ്യും – ഹദീസിൽ വന്നതു പൊലെ: "മുഅ്മിനീങ്ങളിൽ ഏറ്റവും നന്നായി ഈമാൻ പൂർത്തീകരിച്ചവർ അവരിൽ ഏറ്റവും നല്ല സ്വഭാവമുള്ള-വരാണ്".

## من ترك الصلاة فقد كفر

***(നമസ്കാരം ഉപേക്ഷിച്ചവൻ കാഫിറായി)***

ومن ترك الصلاة فقد كفر. وليس من الأعمال شيء تركه كفر إلا الصلاة، من تركها فهو كافر، وقد أحل الله قتله.

ആർ നമസ്കാരം ഉപേക്ഷിച്ചുവോ അവൻ കാഫിറായി. ഉപേക്ഷിച്ചാൽ കാഫിറാകുന്ന മറ്റൊരു അമലുമില്ല, നമസ്കാരമല്ലാതെ. ആർ അത് ഉപേക്ഷിച്ചുവോ അവൻ കാഫിറാണ്. അവനെ വധിക്കുന്നത് അല്ലാഹു ഹലാലാക്കി.

---

*ഒരാൾ നമസ്കാരം നിഷേധിച്ച് കൊണ്ട് ഉപേക്ഷിച്ചാൽ കാഫിറാകും എന്ന കാര്യത്തിൽ അഭിപ്രായ വ്യത്യാസമില്ല. എന്നാൽ അലസതയാലോ അലംഭാവത്താലോ ഉപേക്ഷിക്കുക-യാണെങ്കിൽ അയാൾ കാഫിറാകുമോ എന്ന കാര്യത്തിൽ ഉലമാക്കൾക്കിടയിൽ അഭിപ്രായ വ്യത്യാസമുണ്ട്. ഭൂരിപക്ഷം ഉലമാക്കളും കാഫിറാകും എന്ന് തന്നെയാണ് അഭിപ്രായപ്പെട്ടത്. ഇസ്‌ലാമിക ഭരണത്തിൽ മുർത്തദ്ദിന്റെ വിധിയായിരിക്കും അവനുണ്ടാവുക.*

## أصحاب رسول الله صلى الله عليه وسلم

### *(റസൂൽ صلى الله عليه وسلم യുടെ അനുചരൻമാർ)*

وخير هذه الأمة بعد نبيها أبو بكر الصديق، ثم عمر بن الخطاب، ثم عثمان بن عفان، نقدم هؤلاء الثلاثة كما قدمهم أصحاب رسول الله صلى الله عليه وسلم، لم يختلفوا في ذلك.

നബി صلى الله عليه وسلم ക്ക് ശേഷം ഈ ഉമ്മത്തിൽ ഏറ്റവും ശ്രേഷ്ഠൻ അബൂബക്കർ സ്വിദ്ദീഖ് رضي الله عنه ആണ്, പിന്നെ ഉമർ ബ്നുൽ ഖത്വാബ് رضي الله عنه, പിന്നെ ഉഥ്മാൻ ബ്നു അഫ്ഫാൻ رضي الله عنه. ഈ മൂന്ന് പേരെ അല്ലാഹുവിന്റെ റസൂലിന്റെ സ്വഹാബാക്കൾ മുന്തിച്ചതുപോലെ തന്നെ നാം മുന്തിക്കുന്നു, അതിൽ ഭിന്നതയില്ല.

ثم بعد هؤلاء الثلاثة أصحاب الشورى الخمسة: علي بن أبي طالب، وطلحة، والزبير، وعبد الرحمن بن عوف، وسعد، كلهم يصلح للخلافة، وكلهم إمام، ونذهب في ذلك إلى حديث ابن عمر: ((كنا نعد ورسول الله صلى الله عليه وسلم حي وأصحابه متوافرون: أبو بكر، ثم عمر، ثم عثمان، ثم نسكت)).

പിന്നെ ഈ മൂന്ന് പേർക്ക് ശേഷം ശൂറയുടെ അഞ്ച് ആളുകൾ -അലിയ്യ് ബ്നു അബീ ത്വാലിബ്, ത്വൽഹ, സുബൈർ, അബ്ദുറഹ്മാൻ ബ്നു ഔഫ്, സഅദ്, رضي الله عنهم أجمعين എല്ലാവരും ഖിലാഫത്തിന് അനുയോജ്യരായവരും എല്ലാവരും ഇമാമീങ്ങളുമാണ്. ഇബ്നു ഉമർ رضي الله عنه വിന്റെ ഹദീസാണ് ഇതിനുള്ള തെളിവ് -നബി صلى الله عليه وسلم യും അവിടുത്തെ സ്വഹാബികളും ജീവിച്ചിരുന്നപ്പോൾ ഞങ്ങൾ കണാക്കാക്കാറുണ്ടായിരുന്നു- അബൂബക്കർ, ഉമർ, ഉഥ്മാൻ, പിന്നെ ഞങ്ങൾ മൗനം പാലിക്കും.

ثم من بعد أصحاب الشورى أهل بدر من المهاجرين، ثم أهل بدر من الأنصار من أصحاب رسول الله صلى الله عليه وسلم على قدر الهجرة والسابقة أولا فأولا.

ശൂറയുടെ ആളുകൾക്ക് ശേഷം ബദറിൽ പങ്കെടുത്ത മുഹാജിറുകൾ, പിന്നെ ബദറിൽ പങ്കെടുത്ത അൻസ്വാറുകൾ. അവരുടെ ഹിജ്റയുടെ കണക്കനുസരിച്ച്- മുമ്പേ പോയവർ മുമ്പേ എന്ന കണക്കിൽ.

ثم أفضل الناس بعد هؤلاء أصحاب رسول الله صلى الله عليه وسلم، القرن الذي بعث فيهم، وكل من صحبه سنة أو شهرا أو يوما أو ساعة أو رءاه فهو من أصحابه، له من الصحبة على قدر ما صحبه، وكانت سابقته معه، وسمع منه ونظر إليه نظرة، فأدناهم صحبة هو أفضل من القرن الذين لم يروه، ولو لقوا الله بجميع الأعمال، كان هؤلاء الذين صحبوا النبي صلى الله عليه وسلم ورأوه وسمعوا منه، ومن رءاه بعينه وءامن به ولو ساعة أفضل –لصحبته– من التابعين ولو عملوا كل أعمال الخير.

പിന്നെ ജനങ്ങളിൽ ഏറ്റവും ശ്രേഷ്ഠർ നബി صلى الله عليه وسلم അയക്കപ്പെട്ട ജനതയായ അവിടുത്തെ സ്വഹാബികൾ. അവിടുന്നുമായി കൊല്ലങ്ങളോ, മാസങ്ങളോ, ദിവസങ്ങളോ, കുറച്ചു സമയമോ സഹവസിച്ചവർ. അല്ലെങ്കിൽ അദ്ദേഹത്തെ നേരിൽ കണ്ടവർ - അവരുടെ സഹവാസത്തിന്റെ തോതനുസരിച്ച്, പിന്നെ അവിടുന്നിൽ നിന്ന് കേട്ടവർ, അവിടുന്നിലേക്ക് നോക്കിയവർ. ഇവരെല്ലാം അവിടുത്തെ കണ്ടിട്ടില്ലാത്ത തലമുറയേക്കാൾ ശ്രേഷ്ഠരാണ്. ഇവരെല്ലാം നബി صلى الله عليه وسلم യിൽ വിശ്വസിച്ച് കൊണ്ട് സഹവസിച്ചവരും അവിടുത്തെ നേരിൽ കണ്ടവരും അവിടുന്നിൽ നിന്ന് നേരിൽ കേട്ടവരുമാണ് -അത് അൽപ സമയത്തേക്കാണെങ്കിൽ പോലും. അവരെല്ലാം താബിഉകളേക്കാളും ശ്രേഷ്ഠരാണ്- അവർ ഏറ്റവും നന്നായി അമലുകൾ ചെയ്തവരാണെങ്കിൽ പോലും.

## طاعة ولاة الأمور

### (ഭരണാധികാരികളെ അനുസരിക്കൽ)

والسمع والطاعة للأئمة، وأمير المؤمنين، البر والفاجر، ومن ولي الخلافة واجتمع الناس عليه ورضوا به، ومن عليهم بالسيف حتى صار خليفة وسمي أمير المؤمنين.

മുഅ്മിനീങ്ങളുടെ അമീറുമാരെ –അവൻ നല്ലവനാണെങ്കിലും ദുർവൃത്തനാണെങ്കിലും- അവരെ കേൾക്കലും അനുസരിക്കലും, അവർ ജനങ്ങൾ തൃപ്തിപ്പെട്ടോ, അല്ലെങ്കിൽ ബലാൽക്കാരമായോ ഖിലാഫത്ത് ഏറ്റെടുത്തവരാണെങ്കിൽ, അവർ 'അമീറുൽ മുഅ്മിനീൻ' എന്ന് വിളിക്കപ്പെടുന്നവരാണെങ്കിൽ.

## الجهاد ماض إلى يوم القيامة مع البر والفاجر

### (ഭരണാധികാരികളോടൊപ്പം യുദ്ധം ചെയ്യൽ)

والغزو ماض مع الأمراء إلى يوم القيامة –البر والفاجر– لا يترك.

നിശ്ചയിക്കപ്പെട്ട അമീറുമാരോടൊപ്പം യുദ്ധം ചെയ്യലും -ഖിയാമം നാൾ വരെയും അത് നിരാകരിക്കാവതല്ല, -അവൻ നല്ലവനാകട്ടെ, ദുർവൃത്തനാകട്ടെ.

وقسمة الفيء، وإقامة الحدود إلى الأئمة ماض، ليس لأحد أن يطعن عليهم، ولا ينازعهم. ودفع الصدقات إليهم جائزة ونافذة، من دفعها إليهم أجزأت عنه برا كان أو فاجرا.

അതുപോലെത്തന്നെ യുദ്ധമുതൽ വീതം വെക്കലും, ശിക്ഷാ വിധികൾ നടപ്പാക്കാൻ ഭരണാധികാരികളെ നിശ്ചയിക്കലും എന്നും നില നിൽക്കുന്നതാണ്. ആർക്കും അവരെ ആക്ഷേപിക്കാനോ അവരെ വെല്ലു വിളിക്കാനോ പാടില്ല. അതുപോലെത്തന്നെ സ്വദഖകൾ അവരെ ഏൽപ്പിക്കലും ശരിയായിട്ടുള്ളതും നില നിൽക്കുന്നതുമാണ്. അയാൾ നല്ലവനാകട്ടെ, ദുർവൃത്തനാകട്ടെ.

وصلاة الجمعة خلفه، وخلف من ولاه، جائزة باقية تامة ركعتين، من أعادهما فهو مبتدع، تارك للآثار مخالف للسنة، ليس له من فضل الجمعة شيء، إذا لم ير الصلاة خلف الأئمة – من كانوا – برهم وفاجرهم، فالسنة بأن يصلي معهم ركعتين ويدين بأنها تامة، لا يكن في صدرك من ذلك شك.

ജുമുഅ നമസ്കാരം രണ്ട് റകഅത്ത് പൂർത്തിയാക്കി അമീറിന്റെയോ അവർ അധികാരം ഏൽപ്പിച്ചവരുടേയോ പിന്നിൽ നിന്ന് നമസ്കരിക്കേണ്ടതാണ്. ആർ അത് മടക്കി നമസ്കരിച്ചുവോ അയാൾ ഹദീസിനെ നിഷേധിച്ച സുന്നത്തിൽ നിന്ന് വ്യതിചലിച്ച മുബ്തദിഅ് ആണ്. അയാൾക്ക് ജുമുഅയുടെ ഫള്ലിൽ നിന്ന് ഒന്നും ഇല്ല, അയാൾ ഭരണാധികാരിയെ –അയാൾ നല്ലവനാകട്ടെ, ദുർവൃത്തനാകട്ടെ- പിന്തുടർന്ന് നമസ്കരിക്കുന്നില്ലെങ്കിൽ. സുന്നത്ത് അവരുടെ കൂടെ രണ്ട് റകഅത്ത് പൂർത്തിയാക്കി നമസ്കരിക്കലാണ്, അതിനെപ്പറ്റി മനസ്സിൽ ഒരു ശങ്കയും ഉണ്ടാകാവതല്ല.

## تحريم الخروج على أئمة المسلمين

### *(അധികാരികൾക്കെതിരെ പുറപ്പെടൽ നിഷിദ്ധം)*

ومن خرج على إمام من أئمة المسلمين وقد كان الناس اجتمعوا عليه، وأقروا له بالخلافة بأي وجه كان، بالرضا أو بالغلبة فقد شق هذا الخارج عصا المسلمين، وخالف الآثار عن رسول الله صلى الله عليه وسلم، فإن مات الخارج عليه مات ميتة جاهلية.

ജനങ്ങൾ ഏകോപിച്ച് അംഗീകരിച്ചോ, അല്ലെങ്കിൽ ബലാൽ-ക്കാരമായോ ഖിലാഫത്ത് ഏറ്റെടുത്ത ഒരു മുസ്ലിം ഭരണാധികാരിക്കെതിരിൽ ആർ പുറപ്പെട്ടുവോ, അവന്റെ പുറപ്പാട് മുസ്ലിംകൾക്കെതിരെയുള്ള ധിക്കാരമാണ്, നബി صلى الله عليه وسلم യുടെ ആഥാറുകളിൽ നിന്നുള്ള വ്യതിചലനമാണ്; അവൻ മരണ-പ്പെടുകയാണെങ്കിൽ ആ മരണം ജാഹിലിയ്യത്തിലുള്ള മരണമാണ്.

ولا يحل قتال السلطان ولا الخروج عليه لأحد من الناس، فمن فعل ذلك فهو مبتدع على غير السنة والطريق.

ഭരണാധികാരിക്കെതിരെയുള്ള യുദ്ധമോ പുറപ്പാടോ ജനങ്ങളിൽ ആർക്കും അനുവദനീയമല്ല. ആരെങ്കിലും അങ്ങനെ ചെയ്താൽ അവൻ മുബ്തദിഅ് ആണ്. സുന്നത്തിലും യഥാർത്ഥ പാതയിലും അല്ലാത്തവനാണ്.

## قتال اللصوص والخوارج جائز

### *(കള്ളന്മാരും ഖവാരിജുകളുമായുള്ള ഏറ്റുമുട്ടൽ അനുവദനീയം)*

وقتال اللصوص والخوارج جائز، إذا عرضوا للرجل في نفسه وماله، فله أن يقاتل عن نفسه وماله، ويدفع عنها بكل ما يقدر، وليس له إذا فارقوه أو تركوه أن يطلبهم، ولا يتبع ءاثارهم، ليس لأحد إلا للإمام أو ولاة المسلمين، إنما له أن يدفع عن نفسه في مقامه ذلك، وينوي بجهده أن لا يقتل أحدا، فإن مات على يديه في دفعه عن نفسه في المعركة فأبعد الله المقتول، وإن قتل هذا في تلك الحال وهو يدفع عن نفسه وماله رجوت له الشهادة، كما جاء في الأحاديث. وجميع الآثار في هذا إنما أمرت بقتاله. ولم تأمر بقتله، ولا اتباعه، ولا يجيز عليه إن صرع أو كان جريحا، وإن أخذه أسيرا فليس له أن يقتله، ولا يقيم عليه الحد، ولكن يرفع أمره إلى من ولاه الله فيحكم فيه.

കള്ളന്മാരുമായും ഖവാരിജുകളുമായും ഏറ്റുമുട്ടുന്നത് അനുവദനീയമാണ്, അയാൾ ശരീരത്തിനോ സ്വത്തിനോ എതിരിടുകയാണെങ്കിൽ, ശരീരത്തിനു വേണ്ടിയും സ്വത്തിനു വേണ്ടിയും അവനുമായി ഏറ്റുമുട്ടാവുന്നതും സാധ്യമായ നിലയിൽ തടയേണ്ടതുമാണ്. ഇനി അവൻ പിന്തിരിഞ്ഞ് ഓടിപ്പോവുകയാണെങ്കിൽ അവനെ അന്വേഷിക്കുകയോ പിന്തുടരുകയോ വേണ്ടതില്ല, ഇമാമോ അല്ലെങ്കിൽ അയാൾ ഏൽപ്പിച്ച ഭരണാധികാരികളോ ഒഴികെ. അവന്ന് ബാധ്യതയുള്ളത് സ്വന്തത്തെ പ്രതിരോധിക്കൽ മാത്രമാണ്. ആവേശത്തിൽ ആരെയും വധിക്കാതിരിക്കാൻ അവൻ ശ്രദ്ധിക്കേണ്ടതാണ്. ഇനി ഒരാൾ സ്വന്തം

പ്രതിരോധിക്കുന്ന അവസരത്തിൽ മറ്റേയാൾ വധിക്കപ്പെടുകയാണെങ്കിൽ വധിക്കപ്പെട്ടവനെ അല്ലാഹു വിദൂരത്താക്കുന്നതാണ്. ഒരാൾ ആ അവസരത്തിൽ കൊല്ലപ്പെടുകയാണെങ്കിൽ അവൻ ശഹീദാണ്, ഹദീസുകളിൽ വന്നതു പോലെ. ഈ വിഷയത്തിലുള്ള മുഴുവൻ ഹദീസുകളിലും പ്രതിരോധത്തെ പറ്റി കൽപ്പിക്കപ്പെട്ടിട്ടുണ്ട്. വധിക്കാനോ പിന്തുടരാനോ കൽപ്പിക്കപ്പെട്ടിട്ടില്ല, ബോധരഹിതനായിട്ടോ മുറിവ് പറ്റിയിട്ടോ തടവുകാരനായി പിടിച്ചാൽ വധിക്കാൻ പാടില്ല. വിധി നടപ്പാക്കൽ അയാളുടെ ബാധ്യതയല്ല. ആ കാര്യം അല്ലാഹു ആരെ ഏൽപ്പിച്ചുവോ, അയാളിലേക്ക് ഉയർത്തപ്പെടേണ്ടതും അയാൾ വിധി നടപ്പാക്കേണ്ടതുമാണ്.

## لا نشهد لأحد من أهل القبلة بجنة ولا نار

### *(ഖിബ്‌ലയുടെ അഹ്‌ലുകാരിൽ ആരെയും നാം സ്വർഗ്ഗക്കാരനായോ നരകക്കാരനായോ സാക്ഷ്യപ്പെടുത്തുന്നില്ല)*

ولا نشهد على أحد من أهل القبلة بعمل يعمله بجنة ولا نار، نرجو للصالح، ونخاف عليه، ونخاف على المسيء المذنب، ونرجو له رحمة الله.

ഖിബ്‌ലയുടെ അഹ്‌ലുകാരിൽ പെട്ട ആരെയും നാം അവൻ ചെയ്ത ഒരു പ്രവൃത്തി കാരണത്താൽ സ്വർഗ്ഗക്കാരനായോ നരകക്കാരനായോ കണക്കാക്കാവതല്ല. അയാൾക്ക് നല്ലത് വരാൻ നാം ആഗ്രഹിക്കുന്നു, അയാളുടെ കാര്യത്തിൽ നാം ഭയപ്പെടുന്നു. പാപിയുടേയും ദോഷിയുടേയും കാര്യത്തിൽ നാം ഭയപ്പെടുന്നു, അല്ലാഹുവിന്റെ കാരുണ്യം അയാൾക്ക് വേണ്ടി നാം ആഗ്രഹിക്കുന്നു.

ومن لقي الله بذنب يجب له به النار – تائبا غير مصر عليه – فإن الله يتوب عليه، ويقبل التوبة عن عباده ويعفو عن السيئات.

നരകം നിർബന്ധമാക്കപ്പെടുന്ന ഒരു പാപം ഒരാൾ ചെയ്യുകയും പിന്നീട് അതിലേക്ക് മടങ്ങാതെ തൗബ ചെയ്യുകയും അല്ലാഹുവിനെ കണ്ടുമുട്ടുകയും ചെയ്താൽ അവന്റെ തൗബ അല്ലാഹു സ്വീകരിക്കുന്നതും ദോഷങ്ങൾ പൊറുത്തു കൊടുക്കുന്നതുമാണ്.

ومن لقيه وقد أقيم عليه حد ذلك الذنب في الدنيا فهو كفارته، كما جاء في الخبر عن رسول الله صلى الله عليه وسلم. ومن لقيه مصرا غير تائب من الذنوب التي قد استوجب بها العقوبة، فأمره إلى الله إن شاء عذبه، وإن شاء غفر له. ومن لقيه – من كافرا – عذبه ولم يغفر له.

ആ പാപത്തിനുള്ള ശിക്ഷ ഇഹലോകത്ത് വെച്ച് അവനിൽ നടപ്പാക്കിയതിന് ശേഷം അല്ലാഹുവിനെ കണ്ടുമുട്ടിയാൽ, അത് അവനുള്ള പ്രായശ്ചിത്തമാണ്, ഹദീസുകളിൽ വന്നതു പോലെ. ശിക്ഷ നിർബന്ധമാകുന്ന പാപവുമായി തൗബ ചെയ്യാതെ ഒരുവൻ അല്ലാഹുവിനെ കണ്ടുമുട്ടിയാൽ അവന്റെ കാര്യം അല്ലാഹുവിങ്കലാണ്. അവൻ ഉദ്ദേശിച്ചാൽ ശിക്ഷിക്കുന്നു, അവൻ ഉദ്ദേശിച്ചാൽ പൊറുത്തു കൊടുക്കുന്നു. ഇനി അവിശ്വാസികളിൽ നിന്ന് ആരെങ്കിലും അവനെ (അല്ലാഹുവിനെ) കണ്ടു മുട്ടിയാൽ അവൻ ശിക്ഷിക്കപ്പെടുന്നതാണ്. അവന്ന് പൊറുത്ത് കൊടുക്കപ്പെടുകയില്ല.

## شرعية إقامة الحدود

## *(ശിക്ഷാ വിധി നടപ്പിലാക്കൽ)*

والرجم حق على من زنا وقد أحصن، إذا اعترف أو قامت عليه بينة. وقد رجم رسول الله صلى الله عليه وسلم، وقد رجمت الأئمة الراشدون.

വിവാഹിതനായവൻ വ്യഭിചരിച്ചാൽ, അവന്റെ മേൽ എറിഞ്ഞു കൊല്ലൽ യാഥാർത്ഥ്യമാണ് - അവൻ അത് സമ്മതിക്കുകയാണെങ്കിൽ, അല്ലെങ്കിൽ അവന്റെ മേൽ തെളിവ് സ്ഥിരപ്പെട്ടാൽ. തീർച്ചയായും നബി صلى الله عليه وسلم എറിഞ്ഞ് കൊന്നിട്ടുണ്ട്, സന്മാർഗ്ഗചാരികളായ ഇമാമീങ്ങളും എറിഞ്ഞ് കൊന്നിട്ടുണ്ട്.

## تبديع من انتقص أحدا من صحابة رسول الله صلى الله عليه وسلم

### *(സ്വഹാബികളെ ആക്ഷേപിച്ചവൻ മുബ്തദിഅ്)*

ومن انتقص أحدا من أصحاب رسول الله صلى الله عليه وسلم أو أبغضه لحدث كان منه، أو ذكر مساوئه كان مبتدعا حتى يترحم عليهم جميعا، ويكون قلبه لهم سليما.

ആരെങ്കിലും നബി صلى الله عليه وسلم യുടെ സ്വഹാബികളിൽ പെട്ട ആരെയെങ്കിലും, അവരിൽ നിന്നും സംഭവിച്ചേക്കാവുന്ന തെറ്റുകളോ പോരായ്മകളോ കാരണമായി ആക്ഷേപിച്ചാൽ അല്ലെങ്കിൽ അവരോട് കോപിച്ചാൽ അവൻ മുബ്തദിഅ് ആയി. അവൻ കാരുണ്യത്തിന് വേണ്ടി യാചിക്കുന്നത് വരേയും, അവന്റെ മനസ്സ് ശുദ്ധമാകുന്നത് വരേയും.

## تفسير النفاق

### *(കാപട്യത്തിന്റെ വിശദീകരണം)*

والنفاق هو الكفر: أن يكفر بالله ويعبد غيره، ويظهر الإسلام في العلانية، مثل المنافقين الذين كانوا على عهد رسول الله صلى الله عليه وسلم.

കപട വിശ്വാസം കുഫ്റാണ്. അല്ലാഹുവിൽ അവിശ്വസിക്കുകയും അവനല്ലാത്തവരെ ആരാധിക്കുകയും, ഇസ്ലാം പരസ്യമാക്കുകയും ചെയ്യൽ -റസൂൽ صلى الله عليه وسلم യുടെ കാലത്തുള്ള മുനാഫിഖുകൾ ചെയ്തു പോലെ.

## التسليم للنصوص وإن لم نعلم تفسيرها

***(പ്രമാണങ്ങളിലേക്കുള്ള മടക്കം, വ്യാഖ്യാനമറിയില്ലെങ്കിലും)***

وقوله صلى الله عليه وسلم: ((ثلاث من كن فيه فهو منافق))، هذا على التغليظ نرويها كما جاءت، ولا نفسرها.

നബി صلى الله عليه وسلم യുടെ വാക്കുകൾ: "മൂന്ന് കാര്യങ്ങൾ ആരിലുണ്ടോ, അവൻ മുനാഫിഖാണ്" -ഇത് അതിന്റെ ഗൗരവത്തിന്റെ പേരിലാണ്, റിപ്പോർട്ട് വന്നത് പ്രകാരം-നാം അതിനെ വിശദീകരിക്കുന്നില്ല.

وقوله: ((لا ترجعوا بعدي كفارا ضلالا يضرب بعضكم رقاب بعض))، ومثل: ((إذا التقى المسلمان بسيفيهما فالقاتل والمقتول في النار))، ومثل: ((سباب المسلم فسوق وقتاله كفر))، ومثل: ((من قال لأخيه يا كافر! فقد باء بها أحدهما))، ومثل: ((كفر بالله تبرؤ من نسب، وإن دق)).

ونحو هذه الأحاديث مما قد صح وحفظ، فإنا نسلم له، وإن لم نعلم تفسيرها، ولا نتكلم فيها، ولا نجادل فيها، ولا نفسر هذه الأحاديث إلا مثل ما جاءت، لا نردها إلا بأحق منها.

അവിടുത്തെ വാക്കുകൾ: "നിങ്ങൾ എനിക്കു ശേഷം വഴി പിഴച്ച കാഫിറുകളാകരുത്, ചിലർ ചിലരുടെ നേരേ ചതി പ്രയോഗം നടത്തിക്കൊണ്ട്." അതുപോലെ "രണ്ട് മുസ്'ലിംകൾ ആയുധ ധാരികളായി പരസ്പരം ഏറ്റുമുട്ടിയാൽ കൊല്ലപ്പെട്ടവനും കൊന്നവനും നരകത്തിലാണ്." അതുപോലെ "മുസ്'ലിമിനെ ചീത്ത പറയൽ തെമ്മാടിത്തവും അവനെ വധിക്കൽ കുഫ്റുമാണ്." അതുപോലെ "ഒരാൾ തന്റെ സഹോദരനെ കാഫിർ എന്ന് വിളിച്ചാൽ രണ്ടിലൊരാൾക്ക് അത് ബാധകമായി." അതുപോലെ "അല്ലാഹുവിൽ അവിശ്വസിക്കുന്നത് ബന്ധങ്ങൾ മുറിയാൻ കാരണമാകും, അത് അൽപമാണെങ്കിൽ പോലും."

ഇതുപോലെത്തന്നെ സ്വഹീഹായി സ്ഥിരപ്പെട്ട് വന്ന മറ്റ് ഹദീസുകളും. നാം അതിന് സമർപ്പണം ചെയ്യുന്നു, അതിന്റെ വിശദീകരണം അറിയില്ലെങ്കിൽ നാം അതിനെപ്പറ്റി സംസാരിക്കുന്നില്ല, അതിൽ തർക്കിക്കുന്നില്ല, അതിന്റെ വിശദീകരണം വന്നതു പോലെയല്ലാതെ ഈ ഹദീസുകൾ നാം വിശദീകരിക്കുന്നില്ല. അതിന്റെ യാഥാർത്ഥ്യ-ത്തിലേക്ക് അല്ലാതെ നാം അത് മടക്കുന്നില്ല.

## الإيمان بأن الجنة والنار مخلوقتان وحكم من ينكر ذلك

## *(സ്വർഗ്ഗവും നരകവും രണ്ട് സൃഷ്ടികളാണ്: അവയെ നിഷേധിക്കുന്നവന്റെ വിധി)*

والجنة والنار مخلوقتان، قد خلقتا، كما جاء عن رسول الله صلى الله عليه وسلم: ((دخلت الجنة فرأيت قصرا))، ((ورأيت الكوثر))، ((واطلعت في الجنة فرأيت أكثر أهلها... كذا، واطلعت في النار فرأيت... كذا وكذا))، فمن زعم أنهما لم تخلقا فهو مكذب بالقرءان، وأحاديث رسول الله صلى الله عليه وسلم، ولا أحسبه يؤمن بالجنة والنار.

സ്വർഗ്ഗവും നരകവും രണ്ട് സൃഷ്ടികളാണ്. അവ രണ്ടും സൃഷ്ടി-ക്കപ്പെട്ടതാണ്. റസൂൽ صلى الله عليه وسلم യിൽ നിന്ന് സ്ഥിരപ്പെട്ട് വന്നത് പോലെ, "ഞാൻ സ്വർഗ്ഗത്തിൽ പ്രവേശിച്ചു, മണിമാളികകൾ കണ്ടു, കൗഥർ കണ്ടു. ഞാൻ സ്വർഗ്ഗത്തിലേക്ക് നോക്കി, അതിന്റെ ആളുകളിൽ അധികവും......."-അപ്രകാരവും, "ഞാൻ നരകത്തിലേക്ക് നോക്കി, ഞാൻ കണ്ടു......." അപ്രകാരവും. അവ രണ്ടും സൃഷ്ടിക്കപ്പെട്ടിട്ടില്ലെന്ന് ആർ വാദിച്ചുവോ, അവൻ ഖുർആനിനെയും നബി صلى الله عليه وسلم യുടെ ഹദീസുകളെയും കളവാക്കുന്നവനാണ്. അവൻ സ്വർഗ്ഗ നരകങ്ങളിൽ വിശ്വാസം ഇല്ലാത്തവനുമാണ്.

## صلاة على من مات من أهل القبلة ولو كان مذنبا

## (ഖിബ്‌ലയുടെ അഹ്‌ലുകാരിൽ പെട്ടവന് വേണ്ടി നമസ്കരിക്കണം, അവൻ പാപിയാണെങ്കിലും)

ومن مات من أهل القبلة موحدا يصلى عليه، ويستغفر له، ولا يحجب عنه الاستغفار، ولا تترك الصلاة عليه لذنب أذنبه – صغيرا كان أو كبيرا – وأمره إلى الله تعالى.

ഖിബ്‌ലയുടെ അഹ്‌ലുകാരിൽ പെട്ട മുവഹ്ഹിദായ ഒരാൾ മരണപ്പെട്ടാൽ അവന്ന് വേണ്ടി നമസ്കരിക്കേണ്ടതാണ്, അവന്ന് വേണ്ടി പാപമോചന പ്രാർത്ഥന നടത്തേണ്ടതാണ്, അവന്റെ മേൽ പാപമോചന പ്രാർത്ഥന തടയപ്പെടരുത്, അവൻ ചെയ്ത ചെറുതോ വലുതോ ആയ പാപങ്ങൾ കാരണത്താൽ അവന്ന് വേണ്ടി നമസ്കരിക്കാതിരിക്കാൻ പാടില്ല, അവന്റെ കാര്യം അല്ലാഹുവിങ്കലാണ്.

والحمد لله وحده، وصلواته على محمد وءاله وسلم تسليما.

അല്ലാഹുവിന് സ്തുതി, അവൻ ഏകനാകുന്നു. നബി صلى الله عليه وسلم യുടെ മേലും അവിടുത്തെ കുടുംബത്തിന്റെ മേലും അവന്റെ അനുഗ്രഹവും ശാന്തിയും സമാധാനവും ഉണ്ടാകുമാറാകട്ടെ.

---

**തയ്യാറാക്കിയത്**

അബൂ നിയാസ്, പടിക്കൽ

ഇബ്നു ഉമർ, കടവത്തൂർ.